# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **881** **10.02.2016** - ൽ മറുപടിക്ക്

## ബാവിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | | ശ്രീ.പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി ആരംഭിച്ചതെന്നാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി 1976-ൽ ആരംഭിച്ചു. ഇതിന്റെ സ്രോതസ്സ് ചന്ദ്രഗിരിപ്പുഴയിലെ ബാവിക്കരയിലാണ്. ഇതോടനുബന്ധിച്ചുള്ള ബാവിക്കരയിലെ നിർദ്ദിഷ്ട റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2005-ൽ ആരംഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് നാളിതു വരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിലേക്കായി നാളിതുവരെ 438.41 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആദ്യകരാർ പ്രകാരം 277.42 ലക്ഷം രൂപയും രണ്ടാം കരാർ പ്രകാരം 160.81 ലക്ഷം രൂപയും ചിലവായിട്ടുണ്ട്. |
| (സി) | പദ്ധതി ഇപ്പോൾ നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | നിർത്തിവച്ചിട്ടുണ്ട്. പ്രവർത്തി പുനരാരംഭിച്ചപ്പോൾ സൈറ്റ് കണ്ടീഷനിൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകല്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടി വന്നതു മൂലം പ്രവൃത്തി നിർത്തി വയ്ക്കേണ്ടി വന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കാത്തതിനാൽ ഒഴിവാക്കുകയുണ്ടായി. 27/01/2016-ലെ യോഗ തീരുമാന പ്രകാരം ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. ഡിസൈൻ പുതുക്കി തരാമെന്ന് അറിയിച്ചതിനനുസരിച്ച് ബാക്കി പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതിയുടെ ഒരു ഭാഗം മാത്രം കെട്ടി പൊക്കി മറുഭാഗത്തേക്ക് വെള്ളം കുത്തി ഒലിച്ച പോകുക വഴി തീര പ്രദേശത്തെ കൃഷി നശിച്ച പോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെങ്കിലും പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | കരയിടിച്ചിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിയോടനുബന്ധിച്ച് ഈ ഭാഗത്തിന്റെ പാർശ്വസംരക്ഷണവും നടത്തുന്നതാണ്. |

(ഇ) പദ്ധതിക്ക് നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലായിരുന്നുവെന്ന് ഉന്നതതല സാങ്കേതിക വിദഗ്ദ്ധർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ലഭിച്ചിട്ടില്ല.

(എഫ്) മേൽ പ്രവൃത്തി പുനരാരംഭിക്കാതെ , വർഷങ്ങളായി കെട്ടുന്ന താൽകാലിക തടയണ കെട്ടാൻ അനുവദിക്കില്ലായെന്ന പ്രദേശ വാസികളുടെ സമരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ വിശദാംശ ___ങ്ങൾ അറിയിക്കാമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രദേശത്തെ ഒരു വിഭാഗം ജനങ്ങൾ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭ രംഗത്തുണ്ട്. ബന്ധപ്പെട്ടവരുമായി കാസർഗോഡ് ജില്ലാ കളക്ടർ 19/01/2016 ന് വിളിച്ച് ചേർത്ത യോഗത്തിൽ പ്രശ്നം ഉന്നത തലത്തിൽ പരിഹരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 27/01/2016-ന് നടന്ന ചർച്ചയുടെ തീരുമാനപ്രകാരം സ്ഥിരം തടയണ യുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തി യാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ കാസർഗോഡ് ഉദുമ നിയമസഭാ സമാജിക രുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലത്ത് വച്ച് ആക്ഷൻ കമ്മിറ്റി ഭാരവാഹികളുമായി ഫെബ്രുവരി രണ്ടാം വാരത്തിൽ ജില്ലാ കളക്ട റുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ